# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2145 10.10.2011 - ൽ മറുപടിക്ക്

## ഗുരുവായൂർ അഴുക്കുചാൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ; | (എ) | 1) പമ്പിംഗ് മെയിൻ, പമ്പ് ഹൗസ്, 3 എം.എൽ.ഡി കപ്പാസിറ്റിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br>2) പി.വി.സി സ്വീവേജ് പൈപ്പു ലൈനുകൾ (ശൃംഖല) സ്ഥാപിക്കുന്നതിനും അനുബന്ധ ജോലികൾക്കുമുള്ള എഗ്രിമെന്റ് ഒപ്പിടുകയും സർവ്വേവർക്ക് പൂർത്തിയാക്കുകയും ചെയ്തി ട്ടുണ്ട്. ഡിസൈൻ വർക്കിന്റെ പണികൾ പുരോഗമിക്കുന്നു. നവംബർ ആരംഭത്തിൽ ഡിസൈൻ അംഗീകരിച്ച് പണി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>3) ബഹു. ഹൈക്കോടതി ഉത്തരവ് അനുസരിച്ച് പദ്ധതിയുടെ ആദ്യ മോണിറ്റ- റിംഗ് കമ്മിറ്റി 15/9/2011ന് ബഹു:ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പദ്ധതി നടത്തിപ്പിന്റെ വിശകലനം നടത്തുകയും ചെയ്തു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ചീഫ് സെക്രട്ടറി നൽകിയ ഉറപ്പ പാലിക്കുന്നതിന് കഴിഞ്ഞി ട്ടുണ്ടോ; | (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിക്കുന്നതിന്റേയും അനുബന്ധ ജോലികളുടേയും പണികൾ 31/5/2012 ഓടെ പൂർത്തിയാക്കണമെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഈ സമയത്തിനുള്ളിൽ പണികൾ തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | അഴുക്കുചാൽ പദ്ധതിയുടെ രണ്ടാം ഘട്ടം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ ? | (സി) | അഴുക്കുചാൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തെ പറ്റിയുള്ള പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ